I.ഇ.ബി. XIIകേരള നിയമസഭ/XII-4

**പന്ത്രണ്ടാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 സെപ്റ്റംബർ 14, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധ ക്ഷണിക്കൽ**

(1) ഗുണ്ടൽപ്പേട്ട-ഗൂഡല്ലൂർ റൂട്ടിലെ ഗതാഗത നിരോധനം

ശ്രീ. ആര്യാടൻ മുഹമ്മദ്: ദേശീയപാത 212-ഗുണ്ടൽപേട്ട-ബത്തേരി, ദേശീയപാത 67-ഗുണ്ടൽപേട്ട-ഗൂഡല്ലൂർ എന്നീ റൂട്ടുകളിൽ 03-06-2007മുതൽ രാത്രികാലങ്ങളിൽ ഗതാഗതം നിരോധിച്ചതിനെത്തുടർന്ന് തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിലെ ജനങ്ങൾ യാത്രാക്ളേശം നേരിടുകയാണ്. 10-07-2007 -ലെ ഉത്തരവു പ്രകാരം ഗവൺമെന്റ് പ്രസ്തുത ഗതാഗത നിരോധനം ഒഴിവാക്കിയെങ്കിലും കർണ്ണാടക ഹൈക്കോടതിയുടെ 22-07-2009-ലെ വിധിയുടെ അടിസ്ഥാനത്തിൽ വീണ്ടും നിരോധനം പ്രാബല്യത്തിൽ വന്നിരിക്കുകയാണ്. കെ.പി.സി.സി. പ്രസിഡന്റിന്റെ നേതൃത്വത്തിൽ കർണ്ണാടക ഗവൺമെന്റുമായും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുമായും വെവ്വേറെ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഇതിനെതിരെ

അഡ്വാൻസ് പെറ്റീഷൻ ഫയൽ ചെയ്യാൻ കർണ്ണാടക ഗവൺമെന്റ് തീരുമാനിക്കുകയും കേസ്സിൽ കക്ഷിചേരാൻ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. ഈ വഴിയുള്ള രാത്രികാല ചരക്ക് ഗതാഗതം നിലച്ചതിനെത്തുടർന്ന് പച്ചക്കറി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്. ഇതിനെതിരെ സംസ്ഥാന ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. സുപ്രീം കോടതിയിലെ പ്രഗത്ഭരായ അഭിഭാഷകരെ നിയോഗിച്ച് അഡ്വാൻസ് പെറ്റീഷൻ ഫയൽ ചെയ്ത് മലബാർ മേഖലയെ മൊത്തത്തിൽ ബാധിക്കുന്ന ഈ പ്രശ്നത്തിന് പരിഹാരം കാണാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : രാഷ്ട്രീയത്തിനതീതമായി ഈ പ്രശ്നം കൈകാര്യം ചെയ്യണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. കർണ്ണാടക ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ വന്യജീവികളുടെ സംരക്ഷണാർത്ഥമാണ് ബന്ദിപ്പൂർ വന്യമൃഗ സംരക്ഷണ കേന്ദ്രം വഴിയുള്ള രാത്രികാല ഗതാഗതം നിരോധിച്ചത്. നിരോധനം നിലവിലുള്ള മേഖലയിലൂടെ കെ.എസ്.ആർ.ടി.സി. 41 സർവ്വീസുകൾ നടത്തുന്നുണ്ട്. രാത്രികാലങ്ങളിൽ യാത്രാ വാഹനങ്ങൾ ഉൾപ്പെടെ നൂറുകണക്കിന് ഹെവി വാഹനങ്ങളും ലൈറ്റ് മോട്ടോർ വാഹനങ്ങളും പ്രസ്തുത മേഖലയിലൂടെ കടന്നുപോകുന്നുണ്ട്. സുൽത്താൻബത്തേരി-ഗുണ്ടൽപേട്ട വഴിയും ഗൂഡല്ലൂർ-ഗുണ്ടൽപേട്ട വഴിയുമുള്ള മൈസൂർ, ബാംഗ്ളൂർ എന്നീ സ്ഥലങ്ങളിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി.യുടെ സർവീസുകൾ തടസ്സപ്പെട്ടതുകാരണം യാത്രക്കാർ ദുരിതം അനുഭവിക്കുകയാണ്. വാഹനങ്ങളുടെ അമിത വേഗത കാരണം വന്യജീവികൾക്കുണ്ടാകുന്ന ശല്യങ്ങളും അപകടങ്ങളും ഒഴിവാക്കുന്നതിന് ഗതാഗത

നിരോധനം സ്വീകരിക്കാതെ പൊതുജനങ്ങളിൽ ബോധവത്കരണം നടത്തി വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിനും ഹൈക്കോടതി ഉത്തരവിനെതിരെ സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനും കേരള മുഖ്യമന്ത്രി കർണ്ണാടക മുഖ്യമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കർണ്ണാടക ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സിൽ സംസ്ഥാന ഗവൺമെന്റും കെ.എസ്.ആർ.ടി.സി.യും കക്ഷി ചേരുകയും കോടതി ഉത്തരവ് പുന:പരിശോധിക്കുന്നതിന് പെറ്റിഷൻ ഫയൽ ചെയ്യുകയും ചെയ്തെങ്കിലും സ്റ്റേ നീക്കം ചെയ്യാൻ കർണ്ണാടക ഹൈക്കോടതി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇതുസംബന്ധിച്ച് ഇന്ന് കർണ്ണാടക സർക്കാരുമായി നടത്താൻ തീരുമാനിച്ചിരുന്ന ചർച്ച കർണ്ണാടക മുഖ്യമന്ത്രിയുടെ അസൗകര്യംമൂലം മാറ്റിവയ്ക്കുകയും സൗകര്യപ്രദമായ തീയതി പിന്നീട് അറിയിക്കാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. അഡ്വാൻസ് പെറ്റിഷൻ ഫയൽ ചെയ്യുന്നതിന് ഇനിഷ്യേറ്റീവ് എടുക്കേണ്ടത് കർണ്ണാടക ഗവൺമെന്റാണ്. അഡ്വക്കേറ്റ് ജനറലുമായി ബന്ധപ്പെട്ട് അഡ്വാൻസ് പെറ്റിഷൻ ഫയൽ ചെയ്യുന്നതടക്കമുള്ള കാര്യങ്ങളിൽ നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയത്തിൽ സാങ്കേതികവും നിയമപരവുമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടതുണ്ടെങ്കിൽ സുപ്രീം കോടതിയിലെ വിദഗ്ദ്ധരായ അഭിഭാഷകരെ നിയോഗിക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്.

(2) <u>എഫ്.എ.സി.ടി.യിൽനിന്ന് ഫാക്ടംഫോസ് ലഭ്യമാക്കുന്നതിന് നടപടി</u>

<u>ശ്രീ.വി.എസ്. സുനിൽകുമാർ</u>: ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് കാർഷിക മേഖലയിൽ ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരികയാണ്. രാസ-ജൈവ വളപ്രയോഗം യഥാസമയം നടത്തുക എന്നുള്ളത് ഭക്ഷ്യധാന്യങ്ങളുടേയും ഭക്ഷ്യ വസ്തുക്കളുടേയും

ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രധാന ഘടകമാണ്. രാസ–ജൈവ വളങ്ങളുടെ ലഭ്യതക്കുറവ് കാർഷിക മേഖലയെ വളരെ ഗുരുതരമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ കർഷകർ എഫ്. എ. സി. ടി. യിൽനിന്നും വിതരണംചെയ്യുന്ന കോംപ്ലക്സ് വളങ്ങളാണ് ഉപയോഗി ക്കുന്നത്. സംസ്ഥാന ഫെർട്ടിലൈസർ മോണിറ്ററിംഗ് സിസ്റ്റമനുസരിച്ച് ഓരോ മാസത്തെയും റിക്വയർമെന്റനുസരിച്ചാണ് വളം ലഭ്യമാക്കാനുള്ള സംവിധാന മുണ്ടാക്കുന്നത്. എന്നാൽ ഈ റിക്വയർമെന്റനുസരിച്ചുള്ള രാസവളം എഫ്.എ. സി. ടി. യോ മറ്റ് ഏജൻസികളോ യഥാസമയം സംസ്ഥാനത്തിന് ലഭ്യമാക്കുന്നില്ല. 2009 ആഗസ്റ്റ് മാസം അവസാനം 4000 മെട്രിക് ടൺ രാസവളം അനുവദിച്ചു എന്ന് പറയുന്നുണ്ടെങ്കിലും അത് കാർഷികാ വശ്യത്തിന് പര്യാപ്തമല്ല. യഥാസമയം രാസവളം ലഭ്യമാക്കാതെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനാവില്ല. സംസ്ഥാനത്തിന് രാസവളം കുടുതൽ ആവശ്യമുള്ളപ്പോൾ അലോട്ട്മെന്റ് കുറയ്ക്കുകയും അല്ലാത്ത അവസരത്തിൽ കൂടുതൽ രാസവളം അനുവദിക്കുകയും ചെയ്യുന്നതിനാൽ അനുപാതത്തിൽ അശാസ്ത്രീയത നിലനിൽക്കുകയാണ്. കാർഷിക മേഖല യിലെ ഉൽപ്പാദനക്ഷമതയും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ വളം ലഭ്യമാക്കുന്നതിൽ എഫ്. എ. സി. ടി. ഉൾപ്പെടെയുള്ള ഏജൻസികളെടു ക്കുന്ന സമീപനത്തിൽ മാറ്റം വരുത്താൻ അടിയന്തിര നടപടി സ്വീകരിക്കണം. സഹകരണ സ്ഥാപനങ്ങൾക്ക് വളം കൊടുക്കാതെ സ്വകാര്യ ഏജൻസികൾക്ക് എഫ്. എ. സി. ടി. വളം നൽകുന്നതിനാൽ കർഷകർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ഏജൻസികളുടെ ഒരു പ്രത്യേക യോഗം വിളിച്ചുചേർത്ത് ഈ പ്രശ്നം അടിയന്തിരമായി ചർച്ചചെയ്ത് പരിഹരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : ഫാക്ടംഫോസിന്റെ ദൗർലഭ്യം നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. കർഷകർക്കാവശ്യമായ രാസവളങ്ങളുടെ വിതരണം നിയന്ത്രിക്കുന്നതും സംസ്ഥാനങ്ങൾക്കുള്ള ക്വാട്ട നിശ്ചയിക്കുന്നതും കേന്ദ്ര രാസവള മന്ത്രാലയമാണ്. ഈ ക്വാട്ട കമ്പനിയുടെ പ്രതിനിധികളും കൃഷിവകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥരുമായി ചർച്ചചെയ്ത് ഓരോ ജില്ലയ്ക്കും ബ്ലോക്കിനും പ്രത്യേകമായി തിരിച്ച് കൃഷി ഡയറക്ടറേറ്റിൽനിന്നും സപ്ലൈപ്ലാൻ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയും അപ്രകാരം വളം ലഭിക്കുന്നുണ്ടോ എന്നത് കൃഷി വകുപ്പ് പരിശോധിച്ച് ആവശ്യമായ ഘട്ടങ്ങളിൽ യുക്തമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്നതിലേറെ വളം നൽകിയാൽ സബ്സിഡി ലഭ്യമാകുകയില്ലെന്നതുകൊണ്ട് ക്വാട്ടയിലധികം വളം നൽകാൻ രാസവള കമ്പനികൾ തയ്യാറാകില്ല. അതിനാൽ പലപ്പോഴും സംസ്ഥാനത്തിനാവശ്യമായ വളം ലഭ്യമാകാറില്ല. ഫാക്ടംഫോസിന്റെയും രാസവളത്തിന്റെയും ദൗർലഭ്യം അനുഭവപ്പെട്ടപ്പോൾ കൃഷി വകുപ്പ് കേന്ദ്ര ഗവൺമെന്റുമായി ഇടപെട്ടതിന്റെ ഫലമായി 4000 ടൺ കൂടി അധികമായി അനുവദിച്ചു. സംസ്ഥാന ഗവൺമെന്റിന്റെ നിരന്തരമായ ഇടപെടലിലൂടെ സെപ്തംബർ മാസത്തിൽ ആവശ്യമായ ക്വാട്ട അനുവദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. രണ്ടാംവിളയുടെ സമയത്ത് സംസ്ഥാനം ആവശ്യപ്പെട്ട 1,16,000 മെട്രിക് ടൺ കോംപ്ലക്സ് വളത്തിന് കേന്ദ്രം അനുവദിച്ചത് 80,000 മെട്രിക് ടൺ മാത്രമാണ്. കർഷകർക്കാവശ്യമായ വളം കേന്ദ്ര സർക്കാർ ലഭ്യമാക്കിയാൽ മാത്രമേ രാസവളക്ഷാമം പരിഹരിക്കാൻ സാധിക്കുകയുള്ളൂ.

**സബ്മിഷൻ**

(1) <u>ആഭ്യന്തര വകുപ്പുമന്ത്രിയുടെ പ്രസ്താവന</u>

<u>ശ്രീ. കെ. ബാബു</u> : വിവാദക്കേസ്സുകളിൽ ആരോപണം ഉന്നയിക്കുന്ന മാധ്യമങ്ങൾക്കും രാഷ്ട്രീയ പ്രവർത്തകർക്കും തെളിവ് ആവശ്യപ്പെട്ട് നോട്ടീസ് നൽകുന്ന രീതി സംസ്ഥാനത്ത് നടപ്പാക്കാൻ സർക്കാർ ആലോചിക്കുന്നുവെന്ന ആഭ്യന്തരമന്ത്രിയുടെ പ്രസ്താവന സ്വതന്ത്രമായ പത്രപ്രവർത്തനത്തെ തടയുന്നതാണ്. ഇത്തരത്തിൽ തെളിവ് ആവശ്യപ്പെടുന്ന ഔദ്യോഗിക സംവിധാനമൊന്നും തമിഴ്നാട്ടിൽ നിലവിലില്ലെന്നാണ് അവിടത്തെ ഉന്നത പോലീസ് ഉദ്യോഗസ്ഥൻ പറഞ്ഞിട്ടുള്ളത്. പത്രമാധ്യമങ്ങൾ പല പ്രശ്നങ്ങളും പുറത്ത് കൊണ്ടുവരാറുണ്ട്. മാധ്യമങ്ങളുടെ വായടച്ചു കെട്ടാനുള്ള ശ്രമം അങ്ങേയറ്റം ആക്ഷേപകരമാണ്. മാധ്യമ സ്വാതന്ത്ര്യം നിലനിർത്താനുള്ള നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ. എം. വിജയകുമാർ</u>): പത്രസ്വാതന്ത്ര്യം സംരക്ഷിക്കാനുള്ള സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. കേസന്വേഷണങ്ങളെക്കുറിച്ച് മാധ്യമങ്ങളിൽ വരുന്ന സദുദ്ദേശപരമായ വിമർശനങ്ങൾ ഗവൺമെന്റ് സ്വാഗതം ചെയ്യും. അന്വേഷണാവസ്ഥയിലിരിക്കുന്ന കേസ്സിൽ കുറ്റകൃത്യം കണ്ടുപിടിക്കാൻ സഹായകരമായ വ്യക്തമായ സൂചനകൾ മാധ്യമങ്ങൾ ചിലയവസരങ്ങളിൽ നൽകാറുണ്ട്. ഒരു പോലീസുദ്യോഗസ്ഥന് തന്റെ അന്വേഷണത്തിലിരിക്കുന്ന കേസിലെ വസ്തുതകൾ അറിയാമെന്ന് ബോദ്ധ്യമുള്ള വ്യക്തിയോട് അതേക്കുറിച്ച് ആരായാവുന്നതും കേസിനെ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടാവുന്നതുമാണ്. സ്വതന്ത്രമായ പത്ര

പ്രവർത്തനമോ നിയമാനുസൃതമായ മാധ്യമപ്രവർത്തനമോ തടസ്സപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നില്ല. അതിന് ആരേയും അനുവദിക്കുകയുമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ ഉമ്മൻചാണ്ടി): തമിഴ്നാടിൽ നടപ്പാക്കാത്ത ഒരു നിയമം ഉണ്ടെന്ന് പറഞ്ഞ് മാധ്യമങ്ങളുടെ വായ് മൂടിക്കെട്ടാൻ ശ്രമിക്കരുത്. ചില കാര്യങ്ങളെ സംബന്ധിച്ച വസ്തുതകൾ മാധ്യമങ്ങൾക്ക് പൊതുജനങ്ങളേയും ഭരണാധികാരികളേയും അറിയിക്കേണ്ടിവരും. അതിന്റെ പേരിൽ മാധ്യമസ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്താൻ ശ്രമിക്കരുത്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): പത്രമാധ്യമങ്ങളെ നിയന്ത്രിക്കുന്ന യാതൊരു നടപടിയും ഉണ്ടായിട്ടില്ല; ഉണ്ടാകാൻ ഗവൺമെന്റ് അനുവദിക്കുകയുമില്ല.

(ഗവൺമെന്റിന്റെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭയിൽനിന്നും ഇറങ്ങിപ്പോവുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു)

(2) സെപ്റ്റംബർ 19-ന് നടത്തുന്ന പി.എസ്.സി. പരീക്ഷകൾ

ശ്രീ. കെ. പി. മോഹനൻ: റംസാന്റെ തലേദിവസമായ 19.9.2009-ന് നടത്താൻ നിശ്ചയിച്ചിരിക്കുന്ന പി.എസ്.സി. പരീക്ഷകൾ മറ്റൊരു ദിവസത്തേയ്ക്ക് മാറ്റിവയ്ക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): 19.9.2009-ന് ഏഴ് തസ്തികകളിലേയ്ക്ക് പരീക്ഷ നിശ്ചയിച്ചുകൊണ്ട് 7.7.2009-ന് തന്നെ പി. എസ്.സി പരീക്ഷാ പ്രോഗ്രാം പ്രസിദ്ധീകരിച്ചു. തുടർ നടപടികൾക്ക്

കാലതാമസം വരാനിടയാകുമെന്നതുകൊണ്ടും രണ്ടുമാസം മുൻപ് ഉദ്യോഗാർത്ഥികളെ അറിയിച്ചിരുന്നതിനാൽ പല സ്ഥലങ്ങളിൽനിന്നും നേരത്തെ എത്തിയ ഉദ്യോഗാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്നതു കൊണ്ടും പരീക്ഷ മാറ്റി വയ്ക്കുന്നത് ഉചിതമല്ല.

(3) ദേശീയപാതയുടെ ശോച്യാവസ്ഥ

ശ്രീ. സി.കെ.പി. പത്മനാഭൻ: തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ 19 കി.മീറ്റർ ദേശീയപാതയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): ദേശീയപാതയുമായി ബന്ധപ്പെട്ട ഈ പ്രവൃത്തിക്ക് കരാർ ആയിട്ടുണ്ട്. പരിയാരം മുതൽ തൃച്ചമ്പരം വരെയുള്ള 10 കി.മീറ്റർ ദൂരം ബിറ്റുമിൻ കോൺക്രീറ്റ് ചെയ്ത് പുനരുദ്ധരിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എഗ്രിമെന്റായിരിക്കുന്ന ഈ വർക്ക് മഴ കഴിഞ്ഞാലുടൻ ചെയ്തുതീർക്കാനുള്ള കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(4) യു.ജി.സി. പദ്ധതി

ശ്രീ. എം. മുരളി: കേന്ദ്ര ഗവൺമെന്റും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനും 01-04-2006 മുതൽ നടപ്പാക്കിയ യു.ജി.സി. സ്കീം മുൻകാല പ്രാബല്യത്തോടെ കേരളത്തിലെ കോളേജ്, യൂണിവേഴ്സിറ്റി അദ്ധ്യാപകർക്ക് നടപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): കമ്മിറ്റി റിപ്പോർട്ടിലെ കോളേജ്, യൂണിവേഴ്സിറ്റി അദ്ധ്യാപകരുടെ ശമ്പളപരിഷ്ക്കരണം ഉൾപ്പെടെയുള്ള ശുപാർശകൾ

നടപ്പാക്കണമെന്നുള്ളതുതന്നെയാണ് ഗവൺമെന്റിന്റെ സമീപനം. ഇത് സംബന്ധിച്ചുള്ള കാര്യങ്ങൾ ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ട്. അദ്ധ്യാപക സംഘടനകളും പ്രതിപക്ഷ നേതൃത്വവും ആയി ചർച്ച ചെയ്ത് എത്രയും വേഗം തീരുമാനമെടുക്കുന്നതാണ്. കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പെൻഷൻ പ്രായവുമായി ബന്ധപ്പെട്ട വിഷയം എത്രത്തോളം നടപ്പിലാക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്.

(5) <u>സബ് ആർ.ടി. ഓഫീസ്</u>

<u>ശ്രീ. ബി.ഡി. ദേവസ്സി</u>: ഇരിങ്ങാലക്കുട ജോയിന്റ് ആർ.ടി. ഓഫീസിലെ ജോലിഭാരം കണക്കിലെടുത്ത് ചാലക്കുടി ആസ്ഥാനമായി സബ് ആർ.ടി. ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ഗതാഗതവകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ):</u> തൃശ്ശൂർ ജില്ലയിൽ ഒരു റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസും ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ, ഗുരുവായൂർ, വടക്കാഞ്ചേരി എന്നിവിടങ്ങളിൽ സബ് റീജിയണൽ ഓഫീസുകളും നിലവിലുണ്ട്. ഇരിങ്ങാലക്കുട സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ ചാലക്കുടി ഉൾപ്പെടെ മുകുന്ദപുരം താലൂക്കിലെ മൊത്തം വാഹനങ്ങളുടെയും സേവനം നടത്തിവരുന്നുണ്ട്. പ്രസ്തുത ഓഫീസിലെ ജോലിഭാരം കണക്കിലെടുത്ത് ചാലക്കുടി മുനിസിപ്പാലിറ്റിയേയും പതിമൂന്ന് പഞ്ചായത്തുകളേയും ഉൾപ്പെടുത്തി ചാലക്കുടിയിൽ പുതിയ ഒരു സബ് റീജിയണൽ ഓഫീസ് ആരംഭിക്കണമെന്ന ഗതാഗത കമ്മീഷണറുടെ നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(6) മൂവാറ്റുപുഴ-കൂത്താട്ടുകുളം റോഡ് നിർമ്മാണം

ശ്രീ. ബാബു പോൾ: മൂവാറ്റുപുഴ മണ്ഡലത്തിലെ മൂവാറ്റുപുഴ-കൂത്താട്ടുകുളം റോഡിന്റെ നിർമ്മാണത്തിനും സ്ഥലമെടുപ്പിനും അടിയന്തിരമായി ഭരണാനുമതി നൽകണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): മൂവാറ്റുപുഴ-കൂത്താട്ടുകുളം റോഡിന്റെ ആദ്യഭാഗമായ നാസ് റോഡിന്റെ നിർമ്മാണത്തിന് 338 മീറ്റർ നീളത്തിലും 20 മീറ്റർ വീതിയിലുമാണ് സ്ഥലം ഏറ്റെടുക്കേണ്ടത്. പ്രസ്തുത റോഡ് നിർമ്മാണത്തിന് ആവശ്യമായി വരുന്ന എ.എസ്.-കൾ എത്രയുംവേഗം കൊടുക്കാൻ ധനകാര്യ വകുപ്പിനോട് ഒന്നുകൂടി ആവശ്യപ്പെടുന്നതാണ്.

(7) പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ

ശ്രീ അബ്ദുറഹിമാൻ രണ്ടത്താണി: കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സ്ക്കോളർഷിപ്പിന് കേന്ദ്ര ഗവൺമെന്റിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള വ്യവസ്ഥകളും നിബന്ധനകളും തന്നെയാണ് ഗവൺമെന്റും ബാധകമാക്കിയിട്ടുള്ളത്. കേന്ദ്ര സ്ക്കോളർഷിപ്പിന് സ്റ്റാമ്പ് പേപ്പറിൽ രക്ഷകർത്താവിന്റെ സെൽഫ് അറ്റസ്റ്റഡായിട്ടുള്ള അപേക്ഷയോ വില്ലേജ് ഓഫീസിൽനിന്നുള്ള സർട്ടീഫിക്കറ്റോ അംഗീകരിക്കാം എന്ന നിലയിൽ നിബന്ധനകൾ ഉദാരമാക്കിയിട്ടുണ്ട്. സ്ക്കോളർഷിപ്പ് വിതരണം ചെയ്യാനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്. വിതരണ സമ്പ്രദായം ഓൺ ലൈനിലേയ്ക്ക് മാറ്റി സുതാര്യമാക്കിയതിനാൽ

അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് ലഭ്യമാകുന്ന താണ്.

(8) ദേശീയപാതയുടെ അറ്റകുറ്റപ്പണി

ശ്രീ. സി.എച്ച്. കുഞ്ഞമ്പു: കാസർഗോഡ് മുതൽ മംഗലാപുരം വരെയുള്ള നാഷണൽ ഹൈവേ അറ്റകുറ്റപ്പണി നടത്തി ഗതാഗത യോഗ്യ മാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): തലപ്പാടി മുതൽ ഉപ്പള വരെയുള്ള 11. കി. മീറ്റർ റോഡ് ബിറ്റുമിൻ മെക്കാഡവും ബിറ്റുമിൻ കോൺക്രീറ്റും ഉപയോഗിച്ച് പുനരുദ്ധരിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്. കൂടാതെ മൊഗ്രാൽ മുതൽ നുള്ളിപ്പാടിവരെ യുള്ള 11.35 കി.മീറ്റർ ഭാഗവും ചട്ടംചാൽ മുതൽ നീലേശ്വരം വരെയുള്ള 31. കിലോ മീറ്റർ ഭാഗവും പുനരുദ്ധരിക്കുന്നതിനുള്ള അടങ്കലിന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ അനുമതി കിട്ടിയാൽ മാത്രമേ കാസർകോഡ് മുതൽ മംഗലാപുരം വരെയുള്ള റോഡിന്റെ സ്ഥിതി മെച്ചപ്പെടുത്താൻ കഴിയൂ. കഴിഞ്ഞ ആറ് വർഷത്തിനുള്ളിൽ ഈ ഭാഗത്ത് പാച്ച് വർക്കുകൾ മാത്രമേ നടത്തിയിട്ടുള്ളൂ. ബിറ്റുമിൻ മെക്കാഡവും ബിറ്റുമിൻ കോൺക്രീറ്റും ചെയ്താൽ മാത്രമേ ഈ ഭാഗത്തെ റോഡ് നിലനിൽക്കുകയുള്ളൂ. മഴ മാറി യാലുടൻ അറ്റകുറ്റപ്പപണികൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന താണ്.

(9) റെയിൽവേ മേൽപ്പാലം

ശ്രീ. പി.എം.എ. സലാം: കോഴിക്കോട് പന്നിയങ്കര ലെവൽക്രോസിംഗിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): കോഴിക്കോട് ജില്ല യിലെ പന്നിയങ്കര റെയിൽവേ മേൽപ്പാലത്തിന്റെ അലൈൻമെന്റിന് അംഗീകാരം നൽകുകയും ജി.എ.ഡി. ഡ്രായിംഗ് അപ്രൂവ് ചെയ്ത് റെയിൽവേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്ന തിനുള്ള ഭരണാനുമതിക്കായി 220 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ 74 ലക്ഷം രൂപയുടെ റീഹാബിലിറ്റേഷൻ എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. ഏറെ താമസിയാതെ പാലം പണിയുന്നതി നാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(10) രൂപക് എന്ന യുവാവിന്റെ കൊലപാതകം

ശ്രീ. ബി. ബാബു പ്രസാദ്: 24-8-2009-ന് ഹരിപ്പാട് നഗരത്തിൽ ഗുണ്ടാ മാഫിയയുടെ ആക്രമണത്തിൽ കൊലചെയ്യപ്പെട്ട രൂപക് എന്ന യുവാവിന്റെ കൊലയാളികളെ കണ്ടുപിടിക്കാനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതി രിക്കാനുമുള്ള നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഹരിപ്പാട് വില്ലേജിൽ വിലാപ്പുഴ സ്വദേശിയായ 24 വയസ്സുള്ള രൂപക് എന്ന യുവാവ് 24-08-2009-ന് രാത്രി 11 മണിയോടെ അയാളുടെ വീടിന് സമീപം വച്ച് കുത്തേറ്റ് പരിക്ക് പറ്റിയതിനെ ത്തുടർന്ന് 27-08-2009-ന് ആലപ്പുഴ മെഡിക്കൽ കോളേജിൽ വച്ച് മരണപ്പെടു കയുണ്ടായി. രൂപകിന്റെ അയൽവാസിയുടെ മൊഴിപ്രകാരം 4 പേരെയും

കണ്ടാലറിയാവുന്ന മൂന്നുപേരേയും പ്രതിയാക്കി ഹരിപ്പാട് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികളെ 25-8-09-ന് വെളുപ്പിന് ഒന്നര മണിയോടെ പോലീസ് അറസ്റ്റ് ചെയ്യുകയും അവരിൽനിന്നും 50,000 രൂപയും രണ്ടുകത്തികളും പിടിച്ചെടുക്കുകയും കോടതിയിൽ ഹാജരാക്കുകയും ചെയ്തു. ഒന്നാം പ്രതി 07-09-2009-ന് ഹരിപ്പാട് കോടതിയിൽ കീഴടങ്ങിയിട്ടുണ്ട്. ഇതിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് പ്രതികളെ കണ്ടെത്തുന്നതിന് ഹരിപ്പാട് പോലീസ് ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്.

(11) ടിപ്പർ ലോറി കയറിയുള്ള മരണം

ശ്രീ. കെ. കെ. ഷാജു: ടിപ്പർ ലോറി അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കുട്ടികൾ സ്കൂളിലേയ്ക്ക് പോകുന്നതും തിരിച്ചുവരുന്നതുമായ സമയത്ത് ടിപ്പർ ലോറികളെ നിരോധിക്കാൻ വ്യവ്യസ്ഥയുണ്ടാക്കുകയും. ഒരാഴ്ച മുമ്പ് മരണപ്പെട്ട റഫീക്ക് എന്ന കുട്ടിയുടെ കുടുംബത്തിനുംകൂടി ആനുകൂല്യം കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം. .

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : രാവിലെ 8.30 മുതൽ 10 മണിവരെയും വൈകിട്ട് 3.30 മുതൽ 5.00 മണി വരെയും ടിപ്പർ ലോറികൾ നിരോധിച്ചിട്ടുണ്ട്. മറ്റുള്ള സമയത്ത് 40 കി.മീറ്റർ വേഗതയിൽ കൂടുതൽ ഓടിക്കാൻ പാടില്ലെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നുണ്ട്. വർദ്ധിച്ചുവരുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് ബോധവൽക്കരണം നടത്താനും ലഘുലേഖകൾ വിതരണം ചെയ്യാനും പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ട്. മുഹമ്മദ് റഫീക്കിന്റെ കുടുംബത്തെ സഹായിക്കുന്നത് സംബന്ധിച്ച് ബുധനാഴ്ച ചേരുന്ന മന്ത്രിസഭാ യോഗത്തിൽ തീരുമാനമെടുക്കുന്നതാണ്..

(12) <u>രാത്രികാല ഗതാഗതനിയന്ത്രണം</u>

<u>ശ്രീ. പി. കൃഷ്ണപ്രസാദ്</u>: ആക്ഷൻ കമ്മിറ്റി രൂപീകരിച്ച് പ്രക്ഷോഭങ്ങൾ നടത്തുന്ന സാഹചര്യത്തിൽ ഗുണ്ടൽപ്പേട്ടയ്ക്കും മുത്തങ്ങയ്ക്കും ഇടയിൽ ഏർപ്പെടുത്തിയ രാത്രികാല ഗതാഗത നിയന്ത്രണം പിൻവലിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ)</u>: ദേശീയ പാതകൾ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ പരിധിയിൽ വരുന്നതിനാൽ ഈ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഇടപെടൽ ഉണ്ടാകണമെന്ന് കേന്ദ്രത്തെ അറിയിക്കുന്നതാണ്. നിയമവശങ്ങൾ കൂടി പരിശോധിച്ചശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**റിപ്പോർട്ട് സമർപ്പണം**

(1) കാര്യോപദേശക സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട് സമർപ്പിച്ചു.

(2) 2009-ലെ കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു.

(3) 2009-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ഭേദഗതി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു.

**റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**നിയമനിർമ്മാണം**

(1) 2009-ലെ പമ്പാ നദീതടം അതോറിറ്റി ബിൽ

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): 2009-ലെ പമ്പാ നദീതടം അതോറിറ്റി ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): 2009-ലെ പമ്പാ നദീതടം അതോറിറ്റി ബിൽ ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: "This House resolves to disapprove The Pampa River Basin Authority Ordinance, 2009 (Ordinance No.19 of 2009)". അവതരിപ്പിക്കുന്നു. പമ്പാ ആക്ഷൻ പ്ളാൻ നടപ്പിലാകുന്നതോടുകൂടി പമ്പാനദീതീരത്ത് താമസിക്കുന്ന ജനസമൂഹവും പമ്പാനദിയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മയാണ് പമ്പാ ആക്ഷൻ

പ്ളാൻ നടപ്പിലാക്കുന്നതിന് തടസ്സമായി നിൽക്കുന്നത്. അത് മുന്നിൽ കണ്ടുകൊണ്ടാണ് പമ്പാ നദീതടം അതോറിറ്റി ബിൽ രൂപീകരിക്കാനുള്ള തീരുമാനം എടുത്തത്. പമ്പാ ആക്ഷൻ പ്ളാൻ അംഗീകരിച്ചതിനുശേഷം കേന്ദ്ര സർക്കാർ 18.45 കോടി രൂപയുടെ 11 പ്രവൃത്തികൾക്ക് അനുമതി നൽകുകയും 12 കോടി രൂപ അനുവദിക്കുകയും ചെയ്തെങ്കിലും പ്രസ്തുത തുക ഫലപ്രദമായി വിനിയോഗിക്കാനോ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കാനോ സംസ്ഥാന സർക്കാരിന് കഴിഞ്ഞില്ല. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയെന്നുള്ളതാണ് പമ്പാ ആക്ഷൻ പ്ലാനിൽ പ്രധാനമായും ഉദ്ദേശിക്കുന്നതെങ്കിലും അതിനെ സംബന്ധിച്ച ഒരു പ്രവൃത്തിയും നടപ്പിലാക്കാനോ അനുവദിക്കപ്പെട്ട കൂടുതൽ തുക വാങ്ങുവാനോ ഉള്ള ഒരു ശ്രമവും നടത്തിയിട്ടില്ല. സംസ്ഥാനത്ത് കാലവർഷം തുടങ്ങിക്കഴിഞ്ഞാൽ പകർച്ചവ്യാധി വ്യാപിക്കുന്നത് ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിലും അതിനോടു ചേർന്നുകിടക്കുന്ന നിയോജകമണ്ഡലങ്ങളിലുമാണ്. ശബരിമലയിൽ വരുന്ന മൂന്നരക്കോടി യോളം തീർത്ഥാടകർക്ക് അവിടെ മതിയായ സാനിറ്റേഷൻ സൗകര്യങ്ങളി ല്ലാത്തതുകൊണ്ട് പമ്പാനദിയിൽ മാലിന്യങ്ങൾ നിറയുകയും കാലവർഷ ത്തിൽ കുട്ടനാട്ടിലേയ്ക്ക് ഒഴുകിവരുകയും ചെയ്യുന്നതുകൊണ്ടാണ് സാംക്രമിക രോഗങ്ങൾ വ്യാപിക്കുന്നത്. ശബരിമലയിൽ ആവശ്യമായ സാനിറ്റേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തണം. സാനിറ്റേഷൻ സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി നിലയ്ക്കലിൽ 250 ഏക്കർ സ്ഥലം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏറ്റെടുത്ത് കൊടുത്തിട്ട് ഇതുവരെ ഒരു പ്രവർത്തനവും നടത്താൻ കഴിഞ്ഞിട്ടില്ല. പമ്പാ ആക്ഷൻ പ്ലാൻ യാഥാർത്ഥ്യ മാക്കിയാൽ ശബരിമലയിലെ മലിനീകരണ പ്രശ്നങ്ങൾക്ക് പരിഹാരം

കാണാൻ സാധിക്കുന്നതാണ്. നാഷണൽ ലേക്ക് കൺസർവേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള വേമ്പനാട് കായലിന്റെ സ്ഥിതി സംബന്ധിച്ച് വ്യക്തമാക്കണം. പമ്പാ നദിയിലെ കോളിഫോം ബാക്ടീരിയയുടെ തോത് അപകടകരമായ അവസ്ഥയിലാണെന്നാണ് പഠനങ്ങൾ വ്യക്തമാക്കിയിട്ടുള്ളത്. അതുകൊണ്ട് പമ്പാ ആക്ഷൻ പ്ലാൻ എത്രയുംവേഗം യാഥാർത്ഥ്യമാക്കണം. പമ്പാ നദീതടം അതോറിറ്റിയുടെ ഘടനയിൽ കാതലായ മാറ്റം വരുത്തണം. അതോറിറ്റി രൂപീകരിക്കുന്നതിനുള്ള 70 ശതമാനം ഫണ്ടും നാഷണൽ റിവർ കൺസർവേഷൻ ഡയറക്ടറേറ്റിൽ നിന്നാണ് ലഭ്യമാക്കുന്നതെന്നുള്ളതുകൊണ്ട് നാഷണൽ റിവർ കൺസർവേഷൻ അതോറിറ്റിയുടെ ഒരു പ്രതിനിധിയെക്കൂടി ഉൾക്കൊളളിക്കുന്നത് ഉചിതമായിരിക്കും. പമ്പാനദിയിൽ മാലിന്യനിക്ഷേപമില്ലെന്ന് പ്രചാരണം നടത്തുന്നവരെ പമ്പാ ആക്ഷൻ പ്ലാനിന്റെ എക്സ്പെർട്ടുകളായി നോമിനേറ്റു ചെയ്തത് ശരിയായ നടപടിയല്ല.

<u>ശ്രീ. എം. മുരളി</u>: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി പമ്പാ ആക്ഷൻ പ്ലാനിന് കേന്ദ്ര സർക്കാർ രൂപം നൽകുകയും ആദ്യഘട്ടമായി 18.5 കോടി രൂപ അനുവദിക്കുകയും ചെയ്തു. എന്നാൽ ആ തുക ഫലപ്രദമായി വിനിയോഗിക്കാൻ കഴിയാത്തതിനാൽ രണ്ടാം ഘട്ടത്തിൽ പ്രോജക്ട് സമർപ്പിക്കാനോ കേന്ദ്രഗവൺമെന്റിന്റെ ധനസഹായം വാങ്ങി പമ്പാ നദിയുടെ സംരക്ഷണ പ്രവർത്തനം നടത്താനോ കഴിയാതെ പോയി. ഈ ബില്ലിലെ വ്യവസ്ഥയിൽ ഒരു അതോറിറ്റി രൂപീകരിക്കുന്നു എന്നതിനപ്പുറം വിവിധ ഡിപ്പാർട്ടുമെന്റുകളുടെ കോ-ഓർഡിനേഷനുവേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങളൊന്നുമില്ല. ദാമോദർവാലി കോർപ്പറേഷൻ

രൂപീകരിച്ച മാതൃകയിൽ ഒരു പമ്പാനദീതട അതോറിറ്റിക്ക് രൂപം കൊടുക്കാൻ തയ്യാറാകണം. പമ്പയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട ഒരു വ്യവസ്ഥയും ഈ ബില്ലിലില്ല. പമ്പാ നദീതട അതോറിറ്റിയുടെ രൂപീകരണത്തിന് കുറെ ഉദ്യോഗസ്ഥരേയും ഒന്നോരണ്ടോ പരിസ്ഥിതി പ്രവർത്തകരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സംവിധാനമുണ്ടാക്കി എന്നതിൽക്കവിഞ്ഞ് യാതൊരു വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടില്ല. പമ്പാനദിയും അച്ചൻകോവിലാറും സംരക്ഷിക്കാൻ ഇത്തരമൊരു അതോറിറ്റിയുടെ രൂപീകരണത്തിലൂടെ കഴിയേണ്ടതാണ്. കാവേരിയുടെ പ്രഭവസ്ഥാനം സംരക്ഷിച്ചിരിക്കുന്ന മാതൃകയിൽ വിവിധ കേന്ദ്രമന്ത്രാലയങ്ങളുടെ അനുമതിയോടുകൂടി പമ്പയുടെ പ്രഭവസ്ഥാനവും സംരക്ഷിക്കണം. പമ്പാനദി കയ്യേറ്റവും മാലിന്യ നിക്ഷേപവും മണൽ വാരലുമുണ്ടാകാതെ പ്രകൃതിദത്തമായി സംരക്ഷിക്കണം. കൃഷിക്കുപയോഗിക്കുന്ന രാസവളവും കീടനാശിനിയും പമ്പയിലൂടെ ഒഴുകിയെത്തി കുട്ടനാട്ടിൽ പടർന്നുപിടിക്കുന്ന മാരകരോഗങ്ങളിൽനിന്ന് ജനങ്ങളെ രക്ഷിക്കുന്നതിന് പമ്പാനദി അടിയന്തിരമായി മാലിന്യമുക്തമാക്കണം. അതോറിറ്റി രൂപീകരിക്കുമ്പോൾ റിവർ ബെയ്സിന്റെയും ഇരുകരകളുടെയും സംരക്ഷണം ഉറപ്പു വരുത്തണം. നദികളെ സംരക്ഷിക്കുന്നതിനുതകുന്ന വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തണം.

<u>ശ്രീ. വി.ഡി. സതീശൻ:</u> 2009-ലെ പമ്പാ നദീതടം അതോറിറ്റി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2009 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 44 നദികളുള്ള കേരളം രൂക്ഷമായ ജലക്ഷാമം നേരിടുന്ന സാഹചര്യത്തിൽ നദികളുടെ സംരക്ഷണത്തിനുവേണ്ടി കൊണ്ടുവന്ന ഈ നിയമനിർമ്മാണത്തിലൂടെ ഉദ്ദേശിച്ച ഫലം ഉണ്ടാകുമെന്ന് തോന്നുന്നില്ല. സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള ഒരു

റിവർ ബെയ്സിൻ അതോറിറ്റിയാണ് കേരളത്തിനാവശ്യം. നദികളുടെ സംരക്ഷണത്തിന് വിവിധ രാജ്യങ്ങൾ സ്വീകരിക്കുന്ന ആധുനിക സാങ്കേതിക വിദ്യകൾ കേരളം മാതൃകയാക്കണം. അതോറിറ്റിയിൽ വിവിധ ഡിപ്പാർട്ട്മെന്റ് സെക്രട്ടറിമാരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വിവിധ നദികളുടെ അധികാരം ഏതൊക്കെ ഡിപ്പാർട്ടുമെന്റുകൾക്കാണെന്നുപോലും ബില്ലിൽ നിർദ്ദേശിക്കപ്പെട്ടിട്ടില്ല. വിവിധ ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിച്ചുകൊണ്ട് നദികളുടെ സംരക്ഷണം ഉറപ്പ് വരുത്താനുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തണം. തെംസ് റിവർ അതോറിറ്റി നിയമത്തിലേയും ഗംഗാ നദീതട സംരക്ഷണ നിയമത്തിലേയും കമ്മ്യൂണിറ്റി, പാർട്ട്നർഷിപ്പ്, ഡേറ്റാ ബാങ്ക് സംവിധാനം തുടങ്ങിയ പ്രധാനപ്പെട്ട സവിശേഷതകൾ ഉൾക്കൊള്ളുന്ന ഒരു പുതിയ ബില്ലിന് രൂപം കൊടുക്കണം. നദികൾ ഗതിമാറിയൊഴുകാനിടയാക്കുമെന്നുള്ള പഠനങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ നദീതീരങ്ങൾ കല്ലുകെട്ടി സംരക്ഷിക്കുന്നതിനെക്കുറിച്ച് പുനരാലോചിക്കണം. കണ്ടൽക്കാടുകളും രാമച്ചം തുടങ്ങിയ ഔഷധച്ചെടികളും വച്ചുപിടിപ്പിച്ച് നദീതീരങ്ങളെ സംരക്ഷിക്കണം. നദികളുടെ വാട്ടർ യൂസ് എഫിഷ്യൻസി പരിശോധിക്കാനുള്ള സംവിധാനം ഉണ്ടാകണം. കുടിവെള്ള പദ്ധതികളുടെ പ്ളാന്റുകൾ ഉപ്പുവെള്ളം കയറി നശിക്കാതിരിക്കുന്നതിന് നദികളിൽ താൽക്കാലിക തടയണകൾ നിർമ്മിക്കുന്നതിനു പകരം ആധുനിക രീതിയിലുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. റിവർ മാനേജ്മെന്റ് അതോറിറ്റി ഉണ്ടാകുമ്പോൾ കോർപ്പസ് ഫണ്ടിന്റെ മുഖ്യഭാഗം റിവർ മാനേജ്മെന്റ് ഫണ്ടാകണം. കുടിവെള്ള പ്രോജക്ടുകളുടെ കപ്പാസിറ്റിയെക്കുറിച്ച് വ്യക്തതയുണ്ടാകണം. നദികളുടെ തീരപ്രദേശങ്ങൾ നികത്തുന്നതും ചതുപ്പ് നിലങ്ങൾ പരിവർത്തനം ചെയ്യപ്പെടുന്നതും കിണർ

വെള്ളത്തിനെ ബാധിക്കും. നദികളിൽ നിന്നുള്ള മണൽ വാരൽ അപകടകരമായ രീതിയിൽ പോകുന്നതിനാൽ സെസ്സ് പോലുള്ള സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെക്കൊണ്ട് ഓരോ വർഷത്തേയും ഡേറ്റാ കളക്ട് ചെയ്യാനും ശാസ്ത്രീയമായ രീതിയിൽ പരിശോധന നടത്താനുമുള്ള സംവിധാനമുണ്ടാക്കണം.

ശ്രീ. രാജാജി മാത്യു തോമസ്: 2009-ലെ പമ്പാ നദീതടം അതോറിറ്റി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഉപരിതല ജലത്തിന്റെയും ഭൂഗർഭ ജലത്തിന്റെയും കാര്യത്തിൽ സംസ്ഥാനം മറ്റ് സംസ്ഥാനങ്ങളേക്കാൾ പിന്നിലാണ്. ജലസ്രോതസ്സുകളെ സംരക്ഷിക്കാനുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. പുഴകളിലെ അനിയന്ത്രിതമായിട്ടുള്ള മലിനീകരണം തടയാനാവശ്യമായ പദ്ധതികൾക്ക് രൂപം കൊടുക്കണം. അനധികൃത മണൽ വാരൽ തടയണം. തുടർച്ചയായി മഴ പെയ്യുമ്പോൾ നദികളിൽ നിന്ന് വെള്ളം ഒഴുകിപ്പോകുന്നത് തടയാനുള്ള പുതിയ സാങ്കേതിക വിദ്യയെക്കുറിച്ച് ആലോചിക്കണം. പമ്പാ ആക്ഷൻ പ്ളാൻ രൂപീകരിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം കൊടുത്തത് 1996-ലെ നിയമസഭാ പരിസ്ഥിതി കമ്മിറ്റിയാണ്. പമ്പാ നദീതടം അതോറിറ്റിയിൽ പമ്പാ നദി കടന്നുപോകുന്ന ജില്ലകളിലെ ജനപ്രതിനിധികൾക്ക് പ്രാതിനിധ്യമുണ്ടാകണം. നദികൾ സംരക്ഷിക്കുന്നതിന് സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള അതോറിറ്റികൾക്ക് രൂപം നൽകണം. റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്ന് ലഭ്യമാകുന്ന തുകയുടെ പ്രധാനപ്പെട്ട ഭാഗം അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി നീക്കിവയ്ക്കണം. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കുകൂടി ഏകോപന സമിതിയിൽ പങ്കാളിത്തമുണ്ടാകണം. നദിയുടെ സംരക്ഷണവുമായി നേരിട്ട് പ്രവർത്തിക്കുന്ന

പരിസ്ഥിതി പ്രവർത്തകർക്ക് അതോറിറ്റിയിൽ സ്ഥാനമുണ്ടാകണം. പരിസ്ഥിതി രംഗത്ത് വളരെ സജീവമായി പ്രവർത്തിക്കുന്നവരിൽ നിന്ന് ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്ന സംവിധാനത്തെക്കുറിച്ചുകൂടി ചിന്തിക്കണം. കണ്ടൽക്കാടുകൾ, മുള, ഈറ്റ തുടങ്ങിയവ നദിതീരങ്ങളിലും കൈവഴികളിലും വച്ചുപിടിപ്പിക്കുന്നത് ജലസംരക്ഷണത്തിനും ജലമലിനീകരണം നിയന്ത്രിക്കുന്നതിനും സഹായകമാകും. പമ്പയിൽനിന്നും മണലെടുക്കുന്നതുമൂലം കുഴികൾ രൂപപ്പെട്ട് അപകടങ്ങൾ സർവ്വസാധാരണ മായിക്കൊണ്ടിരിക്കുന്നു. ഒരു നിശ്ചിത കാലയളവിലേയ്ക്ക് പെരിയാറിൽനിന്നും മണലെടുക്കുന്നതിന് മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും വിവേചനരഹിതമായ മണൽ ഖനനം അവസാനിപ്പിക്കണമെന്നുമുള്ള സുപ്രീംകോടതിയുടെ നിർദ്ദേശം മറ്റ് നദികൾക്കും ബാധകമാക്കണം. ജലാശയങ്ങളിലെ മലീനീകരണം നിയന്ത്രിക്കുന്നതിനുള്ള നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും കൂടി ഉണ്ടാക്കണം. വ്യാപകമായ പരാതികൾ ഉയർന്നുവരുന്നതിന്റെ അടിസ്ഥാനത്തിൽ പി.സി.ബി. പോലുള്ള സ്ഥാപനങ്ങളിലെ അഴിമതിക്കാരായ ഉദ്യോഗസ്ഥരെ നിയന്ത്രിക്കണം.

ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ശബരിമലയിലെ മലിനീകരണം തടയുന്നതിന് തീർത്ഥാടകർ പ്ളാസ്റ്റിക് കിറ്റുകൾ കൊണ്ടുവരുന്നത് നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ആന്ധ്ര, കർണ്ണാടക, തമിഴ്നാട്, പോണ്ടിച്ചേരി, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർക്ക് കത്തെഴുതിയിട്ടുണ്ട്. ഈ സംസ്ഥാനങ്ങളിലെ വകുപ്പുമന്ത്രിമാരും ബന്ധപ്പെട്ട

ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന യോഗം ഈ മാസം അവസാനം തിരുവനന്തപുരത്തുവച്ച് നടത്തുന്നതാണ്. ഇതു സംബന്ധിച്ച് സംസ്ഥാനത്തെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗവും വിളിച്ചു കൂട്ടുന്നുണ്ട്. പമ്പാ നദീതട അതോറിറ്റി ബിൽ പാസ്സാകുന്നതോടുകൂടി ഈ വിഷയത്തിൽ നടപടികൾ സ്വീകരിക്കാൻ സാധിക്കും.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): സമഗ്രമായ ചർച്ചയിലൂടെ പമ്പാനദീതട അതോറിറ്റി ബിൽ സംബന്ധിച്ച് വളരെ വിലപ്പെട്ട നിർദ്ദേശങ്ങളാണ് ചർച്ചയിൽ പങ്കെടുത്ത അംഗങ്ങളിൽ നിന്നും ലഭിച്ചത്. പമ്പാ നദീതട അതോറിറ്റി ബിൽ എന്നത് ഒരു തുടക്കം മാത്രമാണ്. കേരളത്തിലെ നദീതടങ്ങളെയും തണ്ണീർത്തടങ്ങളെയും സംരക്ഷിക്കാനും പരിരക്ഷിക്കാനുമുള്ള ഒരു സമഗ്ര നിയമം സർക്കാരിന്റെ പരിഗണനയിലാണ്. പമ്പാ ആക്ഷൻ പ്ലാൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശാനുസരണമാണ് നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് ഓർഡിനൻസ് പുറപ്പെടുവിക്കാൻ സർക്കാർ തീരുമാനിച്ചത്. ഇക്കാര്യത്തിൽ വെറ്റ് ലാന്റിനെ സംബന്ധിച്ചും റിവർ ബേസിനെ സംബന്ധിച്ചും സാങ്കേതികവും നിയമപരവുമായ പ്രശ്നങ്ങൾ ഉണ്ട്. വെറ്റ് ലാന്റ് പോളിസിയുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിന്റെ അസന്റ് വേണ്ടിവരും. ഹൈഡ്രോളജിക്കൽ സ്റ്റഡീസ്, വാട്ടർ ഇവാല്യുവേഷൻ തുടങ്ങിയവ നടത്തിക്കൊണ്ട് ഒരു സമഗ്ര നദീതട നിയമം പാസ്സാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ അതോറിറ്റിയിലെ രണ്ട് നിയോഗിത അംഗങ്ങൾ എൻവയോൺമെന്റൽ എക്സ്പെർട്ട്സ് ആണ്. ഇൻഡിപെന്റന്റായ അഭിപ്രായങ്ങൾക്കു വേണ്ടി വൈരുദ്ധ്യനിലപാടുള്ളവർ കൂടി കമ്മിറ്റിയിൽ ആവശ്യമാണ്. പമ്പാ നദീതടത്തിന്റെ സമ്പൂർണ്ണമായ പരിരക്ഷയും സംരക്ഷ

ണവും ഉറപ്പുവരുത്താൻ ഉപകരിക്കുന്ന സമഗ്രമായ ഒരു നിയമമാണിതെന്ന അവകാശവാദം ഗവൺമെന്റിനില്ല. നദീതടങ്ങളുടെയും തണ്ണീർത്തട ങ്ങളുടെയും സമ്പൂർണ്ണമായ സംരക്ഷണവും പരിരക്ഷയും ഉറപ്പുവരുത്താൻ ഉതകുന്ന സമഗ്രമായ ഒരു നിയമനിർമ്മാണം ഈ ഗവൺമെന്റിന്റെ കാലയള വിൽത്തന്നെ നടത്താൻ കഴിയുന്നതാണ്. പമ്പാ ആക്ഷൻ പ്ലാൻ, സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി എത്രയും പെട്ടെന്ന് ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റി അനിവാര്യമാണെന്ന കേന്ദ്ര ഗവൺമെന്റിന്റെ കൂടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള ഓർഡിനൻസ് പുറപ്പെടുവിക്കാൻ തീരുമാനിച്ചത്. പമ്പാ ആക്ഷൻ പ്ലാനിനുവേണ്ടി 272.19 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചതിൽ 02-05-2003-ൽ 18.45 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി കിട്ടിയിട്ടു ണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 18-11-2003-ൽ 319.70 കോടി രൂപയുടെ ഭരണാനുമതി സംസ്ഥാന ഗവൺമെന്റും നൽകി. കേന്ദ്ര ഗവൺമെന്റിന്റെ ഭരണാനുമതി അനുസരിച്ച് പദ്ധതി പൂർത്തിയാക്കേണ്ടിയിരു ന്നത് 2006-07-ലാണ്. കേന്ദ്ര ഗവൺമെന്റ് 70 ശതമാനവും സംസ്ഥാന ഗവൺമെന്റ് 30 ശതമാനം തുകയുമാണ് ചെലവഴിക്കേണ്ടത്. ഇതനുസരിച്ച് കേന്ദ്ര ഗവൺമെന്റ് 12.92 കോടി രൂപയും സംസ്ഥാന ഗവൺമെന്റ് 5.53 കോടി രൂപയുമാണ് ചെലവാക്കേണ്ടത്. 12 വർക്കുകളാണ് ഇന്ത്യാ ഗവൺമെന്റ് അപ്രൂവ് ചെയ്തത്. ഇതിൽ ജലസേചന വകുപ്പിന്റെ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ 1 മുതൽ 7 വരെയുള്ള പ്രവൃത്തികളിൽ 5 ദശലക്ഷം ലിറ്റർ മലിനജലം ശുദ്ധീകരിക്കാനു

ളള സ്വീവറേജ് പ്ലാന്റ് ശബരിമലയിലും 1.5 ദശലക്ഷം ലിറ്റർ ശുദ്ധീകരിക്കാനുളള പ്ലാന്റ് പമ്പയിലും സ്ഥാപിക്കുന്ന പ്രവൃത്തികളാണ് അവശേഷിക്കുന്നത്. ഇതിനാണ് ഏറ്റവും കൂടുതൽ ഫണ്ട് ചെലവഴിക്കേണ്ടിവരുന്നത്. മൊബൈൽ ലാട്രിന് അപ്രൂവൽ കൊടുത്തിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് 239 ലക്ഷം രൂപയുടെ പ്രവൃത്തി ചെയ്തതായിട്ടുള്ള എക്സ്പെന്റീച്ചർ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. അതോറിറ്റി പരിശോധിച്ചതിനുശേഷം പെയ്മെന്റ് നൽകുന്നതാണ്. പ്രവർത്തനങ്ങൾ ഏകീകരിച്ചുകൊണ്ടുപോകാനുളള സംവിധാനത്തിന്റെ അപര്യാപ്തത പരിഹരിക്കണമെന്നുളള സദുദ്ദേശത്തോടുകൂടിയാണ് കാര്യങ്ങൾ ചെയ്തിട്ടുളളത്. ശബരിമലയുടെ സമഗ്രവികസനത്തിനുളള മാസ്റ്റർ പ്ലാൻ ഗവൺമെന്റ് ഓഫ് ഇന്ത്യ അപ്രൂവ് ചെയ്തതിനുശേഷം സ്വീവറേജ്, ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സ്ഥലം ലൊക്കേറ്റ് ചെയ്ത് രണ്ട് പ്രാവശ്യം ടെന്റർ വിളിച്ചു. ഈ മാസം ടെന്റർ ഫൈനലൈസ് ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പമ്പാ ആക്ഷൻ പ്ലാനിനെ സംബന്ധിച്ചിടത്തോളം സംസ്ഥാന ഗവൺമെന്റ് പഠിക്കാൻ നിയോഗിച്ച ആറംഗ എക്സ്പേർട്ട് കമ്മിറ്റി ഭരണനിർവ്വഹണസൗകര്യത്തിനുവേണ്ടി മൂന്ന് ഫെയ്സായി ഡിവൈഡ് ചെയ്ത് റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുകയുണ്ടായി. 319.70 കോടി രൂപയുടെ ഡീറ്റെയിൽഡ് പ്രോജക്ട് കേരളത്തിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും ജലസേചന വകുപ്പുംകൂടി തയ്യാറാക്കിയതിന് ഭരണാനുമതി ലഭിച്ചിട്ടില്ല. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചുകഴിഞ്ഞാൽ ഫസ്റ്റ് ഫേസിന്റെ അവശേഷിക്കുന്ന ഭാഗം സംബന്ധിച്ച് ആലോചിക്കാൻ കഴിയും. അതിനുള്ള ഒരു നിർദ്ദേശം സമർപ്പിക്കുന്നതിന് സി.ഡബ്ല്യു.ആർ.ഡി.എം. നെ

ചുമതലപ്പെടുത്തുകയും അതിന്റെ പ്രിലിമിനറി റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. നാഷണൽ ലേക്ക് കൺസർവേഷൻ പ്ലാനിന്റെ പരിധിയിൽ വേമ്പനാട് കായലിനെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. സന്നിധാനത്തിലെ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സ്ഥാപിതശേഷി 5 ദശലക്ഷം എം.എൽ.ഡി.യായി നിജപ്പെടുത്തിയിരിക്കുന്നതുകൊണ്ട് വർദ്ധിപ്പിക്കാൻ ബുദ്ധിമുട്ടാണ്. വേറൊരു ട്രീറ്റ്മെന്റ് പ്ലാന്റ് കൂടി നിർമ്മിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കും. കേരള ഡാം സേഫ്റ്റി അതോറിറ്റി വിവിധ ഡാമുകളുടെ പ്രവർത്തനം പരിശോധിക്കുകയും അവർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചിമ്മിനി ഡാമിൽ കുറേയധികം പ്രവൃത്തികൾ നടത്തി സുരക്ഷിതത്വം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഡാം സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. പുഴകളുടേയും ജലസ്രോതസ്സുകളുടേയും പുനരുദ്ധാരണം സംബന്ധിച്ച സമഗ്രമായ ഹൈഡ്രോളജിക്കൽ ഡേറ്റ വിതരണം ചെയ്യാനാവശ്യമായ രൂപത്തിൽ കമ്പൈൽ ചെയ്യുകയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും എൻ.ജി.ഒ. മാർക്കും കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. സെൻട്രൽ വാട്ടർ കമ്മീഷൻ റെയിൻ വാട്ടർ സംബന്ധിച്ചും ഗ്രൗണ്ട് വാട്ടർ ഉൾപ്പെടെയുള്ള കാര്യങ്ങൾ സംബന്ധിച്ചും മെറ്റീരിയോളജിക്കൽ അസ്സസ്മെന്റ് നടത്തുന്നതിനുവേണ്ടി ധാരാളം സ്റ്റേഷനുകൾ സ്ഥാപിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഫിനാൻഷ്യൽ കൺസ്ട്രെയിന്റ് ഉള്ളതുകൊണ്ട് പൂർണ്ണമായും ഉദ്യോഗസ്ഥരെ ഒഴിവാക്കിക്കൊണ്ട് എൻവയോൺമെന്റൽ എക്സ്പേർട്ട്സിനേയും എഞ്ചിനീയറിംഗ് വിംഗിനേയും വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടമെന്റിനേയും ഒരു റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയേയും ഉൾപ്പെടുത്തിക്കൊണ്ട് വളരെ

എഫക്ടീവായി നദി സംബന്ധമായ മുഴുവൻ കാര്യങ്ങളും കൈകാര്യം ചെയ്യുന്നതിനുവേണ്ടി ഒരു ക്വാസി ജുഡീഷ്യൽ സ്റ്റാറ്റ്യൂട്ടറി അതോറിറ്റി കേരള ത്തിലുണ്ടാകുന്നത് നദീതട സംരക്ഷണത്തിന് ഒരു പരിധിവരെ സഹായ കരമാകും. തമിഴ്നാട് ഗവൺമെന്റ് കേരള ഗവൺമെന്റിനോട് ഇൻസിസ്റ്റ് ചെയ്തുകൊണ്ടിരുക്കുന്ന പമ്പാ-അച്ചൻകോവിൽ-വൈപ്പാർ ലിങ്കേജിന് കേരളം ഒരു കാരണവശാലും സമ്മതിക്കുന്ന പ്രശ്നമില്ല. ആ മേഖലയിലെ വാട്ടർ കണ്ടെന്റിനെ സംബന്ധിച്ച് പഠനം നടത്താൻ ഇപ്പോൾ ഐ.ഐ.ടി ചെന്നൈയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മണൽ ഖനനത്തിന് റവന്യൂ വകുപ്പു മായി ചേർന്നുകൊണ്ട് ശക്തമായ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. മണലിന് ബദലായി പുതിയ മറ്റെന്തെങ്കിലും നിർമ്മാണ സാങ്കേതിക വിദ്യ കണ്ടെത്തുന്നതിനുള്ള ഗവേഷണം അനിവാര്യമാണ്. ജനപ്രതിനിധികളുടെ പങ്കാളിത്തം അതോറിറ്റിയിൽ വേണമെന്ന നിർദ്ദേശം സബ്ജക്ട് കമ്മിറ്റി യോഗത്തിൽ പരിഗണിക്കാവുന്നതാണ്.

നിരാകരണ പ്രമേയം നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2009-ലെ പമ്പാ നദീതടം അതോറിറ്റി ബിൽ ജലസേചനവും വിദ്യുച്ഛ ക്തിയും സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണ നയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

### (2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) ബിൽ

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ.പി. അനിൽ കുമാർ: "This House resolves to disapprove The Kerala Land Conservancy (Amendment) Ordinance, 2009 (Ordinance No. 18 of 2009) അവതരിപ്പിക്കുന്നു. നിലവിലുള്ള 1957-ലെ കേരള ഭൂ സംരക്ഷണ ആക്ടുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള രണ്ടുമൂന്ന് ഭേദഗതികളാണ് ഇവിടെ നിയമമായി കൊണ്ടുവന്നിരിക്കുന്നത്. നിലവിലുള്ള ഭൂസംരക്ഷണ നിയമത്തിന്റെ 7-ാം വകുപ്പിൽ പറയുന്ന ശിക്ഷാ നിയമത്തിന്റെ അപര്യാപ്തത കണ്ടുകൊണ്ട് അത് കൂടുതൽ കർക്കശമാക്കുന്നതിനുവേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. ഭൂമി കയ്യേറ്റങ്ങൾക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്ക് മൂന്ന് വർഷം വരെ തടവുശിക്ഷയും 50,000 രൂപ പിഴയും ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. അഞ്ച് സെന്റ്വരെ ഭൂമിയുള്ള ആളുകളെ ചില നിബന്ധനകളുടെ അടിസ്ഥാനത്തിൽ ഇത്തരം കാര്യങ്ങളിൽ നിന്ന് ഒഴിവാക്കണമെന്ന് പറഞ്ഞതിനെ സ്വാഗതം ചെയ്യുകയാണ്. പക്ഷേ മൂന്നാർ, വയനാട് പോലെയുള്ള സ്ഥലങ്ങളിൽ അഞ്ച് സെന്റ് ഭൂമി എന്ന് നിജപ്പെടുത്തുന്നത് ഗുണകരമായിരിക്കില്ല. പട്ടണ പ്രദേശങ്ങളിൽ 5 സെന്റ് എന്നുള്ളത് അഭികാമ്യമാണെങ്കിലും ഗ്രാമപ്രദേശങ്ങളിലേയും മലയോരങ്ങളിലേയും ഭൂപരിധി 15 സെന്റായി വർദ്ധിപ്പിക്കണം. സർക്കാർ വക ഭൂമി അനധികൃതമായി കയ്യേറുന്നവരെ ശിക്ഷിക്കുന്നതിനുള്ള നടപടി

ഉണ്ടാകണം. വൻകിടക്കാരിൽനിന്നും ഭൂമി പിടിച്ചെടുത്ത് പാവപ്പെട്ടവർക്ക് വിതരണം ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ നിയമത്തിന്റെ വിശ്വാസ്യത തകരും. നിയമം നടപ്പാക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് ആർജ്ജവവും ദീർഘവീക്ഷണവും ഉണ്ടാകണം. 42 കോടി രൂപ ചെലവഴിച്ച് വാങ്ങിയ ആറളം ഭൂമി എല്ലാ പ്രക്രിയയും പൂർത്തിയാക്കി പാവപ്പെട്ട ആദിവാസികൾക്ക് എത്രയുംവേഗം നൽകാനുള്ള നടപടി സ്വീകരിക്കണം. ചെങ്ങറ സമരത്തോടുള്ള നിലപാട് വ്യക്തമാക്കണം ഹാരിസൺ മലയാളം പ്ലാന്റേഷന്റെയും ടാറ്റായുടെയും കയ്യിലുള്ള ഭൂമി തിരിച്ചെടുക്കു ന്നതിന് റീ-സർവ്വേ നടത്താനുള്ള ശ്രമംപോലും ഗവൺമെന്റിന്റെ ഭാഗത്തുനി ന്നുണ്ടായിട്ടില്ല. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് വീടുവയ്ക്കാൻ ഭൂമി നൽകുന്നതിന് ശ്രമം നടത്തണം. പരമാവധി വേഗത്തിൽ വീടില്ലാത്തവർക്ക് വീട് വച്ച് കൊടുക്കുന്നതിനും അന്യാധീനപ്പെട്ട റവന്യൂ ഭൂമി തിരിച്ചുപിടിക്കു ന്നതിനും പാട്ടഭൂമി കൈവശംവച്ച് ദുർവ്യയം ചെയ്യുന്ന സ്വകാര്യ സംരംഭകരെ ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി.സി.വിഷ്ണുനാഥ്:</u> നിരാകരണപ്രമേയത്തെ അനുകൂലിക്കുന്നു. 1957-ലെ ഭൂസംരക്ഷണ നിയമത്തിൽ 7-ാം വകുപ്പിൽ ഒരു ഭേദഗതി വരുത്തി കൂടുതൽ കർശനമായ ശിക്ഷയും നടപടികളും സ്വീകരിച്ച് ഭൂസംരക്ഷണ നിയമത്തെ ശക്തിപ്പെടുത്തുന്നതിനു വേണ്ടിയുള്ള ഒരു നിയമമാണിത്. എന്നാൽ റവന്യൂ ഭൂമി സംരക്ഷിക്കപ്പെടുക എന്നുള്ളത് മാത്രമേ ഈ ബില്ലിൽ പരാമർശിക്കപ്പെടുന്നുള്ളൂ. റവന്യൂ ഭൂമിക്കപ്പുറത്ത് സർക്കാരിന്റെ തന്നെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ഭൂമി വ്യാപകമായി കയ്യേറുന്നുണ്ട്. അതൊന്നും സംരക്ഷിക്കുന്നതിനെക്കുറിച്ച് ബില്ലിൽ പരാമർശിച്ചിട്ടില്ലാത്ത തിനാൽ തീർത്തും അപര്യാപ്തമായ ഒരു ബില്ലാണിത്.

<u>ശ്രീ. വി. ചെന്താമരാക്ഷൻ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1957-ലെ നിയമത്തിലുള്ള പോരായ്മകൾ പരിഹരിച്ച് കേരളത്തിൽ ഉയർന്നുവന്നിട്ടുള്ള ഭൂമി കയ്യേറ്റം തടയുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ നിയമം കൊണ്ടുവന്നത്. കേരളത്തിൽ ഭൂമിയുടെ വില ഇപ്പോൾ ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. സ്വകാര്യ ഭൂമിയായാലും റവന്യു ഭൂമിയായാലും ഗവൺമെന്റ് ഭൂമിയായാലും കയ്യേറ്റം നടത്തുന്ന സമീപനം കേരളത്തിൽ ശക്തമായി ഉയർന്നുവന്നിട്ടുണ്ട്. ഗവൺമെന്റിന്റെ ഭൂമി സംരക്ഷിക്കേണ്ട റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ കയ്യേറ്റക്കാരെ സഹായിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. കയ്യേറ്റക്കാർക്ക് ഒത്താശ ചെയ്തുകൊടുക്കുന്ന ഉദ്യോഗസ്ഥരെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നത് ഏറ്റവും സ്വാഗതാർഹമാണ്. സർക്കാർ ഭൂമി പാട്ടത്തിന് എടുക്കുന്നവർ അത് മറിച്ചുകൊടുക്കുന്നത് തടയണം. പാവപ്പെട്ടവർക്ക് അഞ്ചു സെന്റ് ഭൂമിയെങ്കിലും വീടുവച്ച് താമസിക്കുന്നതിന് കൊടുക്കേണ്ടതാവശ്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇടുക്കി ജില്ലയിൽ മാത്രം 13,672 ഏക്കർ ഭൂമി കയ്യേറിയതായി കണ്ടെത്തുകയും 14,866 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. 13,733 ഏക്കർ ഭൂമി കയ്യേറ്റക്കാരിൽ നിന്ന് ഏറ്റെടുത്തിട്ടുമുണ്ട്. ആറളം ഫാമിൽ 400 വീടിന്റെ നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് കാലാവധി പൂർത്തീകരിക്കുന്നതിനുമുമ്പ് ആറളം ഫാമിലെ മുഴുവൻ ആളുകൾക്കും വീട് കൊടുക്കാനാവശ്യമായ ശക്തമായ നിലപാട് സ്വീകരിക്കേണ്ടതാണ്. വനാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിൽ

ആദിവാസികൾക്ക് ഭൂമി കൊടുക്കുന്നതിനാവശ്യമായ സമീപനം ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ആദിവാസികൾ ചൂണ്ടിക്കാണിക്കുന്ന സ്ഥലത്തിന് പട്ടയം കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ നിയമത്തിൽ പുറമ്പോക്ക് ഭൂമിയെക്കുറിച്ചുള്ള ഡെഫനിഷനിൽ മാറ്റം വരുത്തണം. വേമ്പനാട് കായലിലെ കയ്യേറ്റം ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തണം. 1957-ലെ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഭൂമിയെ വിലയിരുത്തുന്നത് ശരിയല്ല. ഓരോ വികസനപ്രവർത്തനങ്ങൾ നടക്കുമ്പോഴും തൊട്ടടുത്തു കിടക്കുന്ന ഭൂമിയുടെ വില വൻതോതിൽ കൂടുകയാണ്. സംസ്ഥാനത്ത് ഗവൺമെന്റ് വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ തൊട്ടടുത്തു കിടക്കുന്ന ഭൂമിയുടെ വില ക്രമാതീതമായി ഉയരുന്നത് നിയമത്തിലൂടെ നിയന്ത്രിക്കാൻ കഴിയണം. സർക്കാർ പിടിച്ചെടുത്ത മിച്ചഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണം. റീസർവേയിലെ അപാകതകൾ ദൂരീകരിക്കാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): റവന്യൂ ഭൂമി മാത്രമല്ല, മറ്റു വകുപ്പുകളുടെ കൈയിലുള്ള എല്ലാ സർക്കാർ ഭൂമിയും കെ.എൽ.സി. ആക്ടിന്റെ പരിധിയിൽ വരും. നിർദ്ദിഷ്ട ബില്ലിൽ 7-ാം വകുപ്പുപ്രകാരം ഭൂമി കയ്യേറ്റകാരന് നൽകാവുന്ന പരമാവധി ശിക്ഷ 200 രൂപ മാത്രമാണ്. കേരള ഭൂമി പതിവുചട്ടപ്രകാരം ഭൂമി പതിച്ചുകിട്ടാൻ അർഹതപ്പെട്ട ആളാണ്

കയ്യേറ്റക്കാരനെങ്കിൽ അയാളിൽ നിന്നും പിഴ ഈടാക്കാൻപോലും ഇതിൽ വ്യവസ്ഥയില്ല. ഇപ്പോൾ ഭൂമിയുടെ വില വൻതോതിൽ വർദ്ധിക്കുകയും കയ്യേറ്റങ്ങൾക്ക് കൂട്ടുനിൽക്കുന്ന മാഫിയാ സംഘങ്ങൾ വളർന്നുവരികയും ചെയ്യുന്ന സന്ദർഭത്തിൽ ഈ ആക്ടിലെ ശിക്ഷ വർദ്ധിപ്പിക്കുകയും ഭൂമി കയ്യേറുന്നവരേയും കയ്യേറ്റത്തിന് കൂട്ടുനിൽക്കുന്നവരേയും കൃത്രിമരേഖകൾ ചമയ്ക്കുന്നവരേയുംകൂടി നിയമത്തിനുമുന്നിൽ കൊണ്ടുവന്ന് അവരെക്കൂടി ശിക്ഷയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്ന വിധത്തിൽ ഈ ആക്ടിൽ ഭേദഗതി കൊണ്ടുവരികയാണ്. വയനാട് ജില്ലയിലേയും പാലക്കാട് അട്ടപ്പാടി മേഖലയിലേയും ആദിവാസികളുടെ ഭൂമി വിതരണത്തിലെ പ്രശ്നങ്ങൾ അപ്പപ്പോൾ കൈകാര്യം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. അതിനുവേണ്ടി നാന്നൂറ്റിച്ചില്വാനം സർവ്വേ ജീവനക്കാരെ പ്രത്യേക ട്രെയിനിംഗ് കൊടുത്ത് ഈ മേഖലകളിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ 43 ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കർവച്ച് ഭൂമി കൊടുത്തു. നവംബർ ഒന്നുമുതൽ 30 വരെയുള്ള ഒരു പ്രോഗ്രാം നിശ്ചയിച്ച് ഭൂമി വിതരണം ചെയ്യാൻ പോവുകയാണ്. കേരളത്തിലെ ഓരോ വില്ലേജിലും കയ്യേറ്റം ഒഴിപ്പിച്ചെടുത്ത ഭൂമി നിയമപരമായി സംരക്ഷിക്കുന്ന സംവിധാനത്തിൽ പോരായ്മകളുണ്ടെങ്കിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഈ നിയമം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെടുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

106-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

107-ാം നമ്പർ ഭേദഗതി വാക്കാൽ ഭോദഗതിയായി ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചു.

107: In the long title of the principal Act proposed to be amended by clause 2 after the word "and" the following words may be inserted "to provide".

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

<u>4-ാം വകുപ്പ്</u>

108, 112, 113, 114, 116, 118, 125, 132, 134, 137, 139, 144, 146, 147, 152, 156, 158, 159 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

117, 138. 149, 155 എന്നീ നമ്പർ ഭേദഗതികൾ താഴെപ്പറയുന്ന മാറ്റങ്ങളോടെ വാക്കാൽ ഭേദഗതികളായി ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചു.

117: In the sub-section (a) of section 7 proposed to be inserted in the principal Act, by clause (4) for the words "shall also pay" substitute the words "shall also be liable to pay a".

138: In section 7 (b) (ii) proposed to be substituted in the principal Act, by clause (4) for the words "shall also pay fine" substitute the words "shall also be liable to pay a fine".

149: In section 7(c) proposed to be inserted in the principal Act by clause 4 for "shall also pay fine" substitute "shall also be liable to pay a fine".

155: In section 7(d) proposed to be inserted in the principal Act by clause (4) for "and shall also pay fine" substitute "and shall also be liable to pay a fine".

125-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന മാറ്റങ്ങളോടെ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചു.

125: In the proviso to section 7(a) proposed to be substituted in the principal Act by clause 4, the following words shall be inserted after the words "Commencement of this Act and":-

"is not having any other land in his name or in the name of his family members and other than the occupied government land".

132-ാം നമ്പർ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചു.

132: In section 7(b)(ii) proposed to be substituted in the principal Act by clause (4), after the word "makes" add the word "or creates".

143-ാം നമ്പർ ഭേദഗതി വാക്കാൽ ഭേദഗതിയായി ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചു.

143: In section 7(b)(ii) proposed to be substituted in the principal Act by clause 4, the portion appears after the words "or title to such land" shall be shown as a separate paragraph.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

5-ാം വകുപ്പ്

161-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും 164-ാം നമ്പർ ഭേദഗതി വാക്കാൽ ഭേദഗതിയായും ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചു.

161: After clause 5, the following clause shall be inserted, namely:-

"5A. Amendment of Section 11.- In sub-section (1) of section 11 of the principal Act, for the words and figures "pay a fine under section 7 and an assessment or prohibitory assessment under section 8", the words and figure "punishment under section 7" shall be substituted".

164: In section 9(1) proposed to be substituted in the principal Act by clause 5, shall be recast as follows:-

"The offence under this Act shall exclusively be triable by a Court of Chief Judicial Magistrate".

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>8-ാം വകുപ്പ്</u>

ബഹുമാനപ്പെട്ട മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

"For the words, brackets and figures "sub sections (3) and (4)", the words, brackets and figures "sub-sections (3), (4) and (5)" shall be substituted."

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

<u>9-ാം വകുപ്പ്</u>

ബഹുമാനപ്പെട്ട മന്ത്രി 165-ാം നമ്പർ ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

165: After clause 9, the following clause shall be inserted, namely:-

" 9A. Amendment of section 19:- In section 19 of the principal Act, for the exisiting proviso, the following proviso shall be substituted, namely:-

"provided that if any punishment has been imposed under section 7, no further punishment shall be imposed under any other law for the same offence".

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

<u>11-ാം വകുപ്പ്</u>

ബഹുമാനപ്പെട്ട മന്ത്രി 167-ാം നമ്പർ ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

167: In sub-clause (1) of clause 11, for the brackets, word and figures "(6 of 2009)", the brackets, words and figures " (18 of 2009)"shall be substituted.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u> 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവവകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ):</u> പ്രമേയത്തെ പിന്താങ്ങുന്നു.

2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 11-നെതിരെ 48 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 4.34-ന് പിരിഞ്ഞു.